കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊടുവള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . കാരാട്ട് റസാക്ക് എം . എൽ . എ . യുടെ അസംബ്ലി നിയോജകമണ്ഡല ആസ്തിവികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1634/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.05.2017

പരാമർശം - (1) 11.06.2012-ലെ സ.ഉ.(പി.)332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്.

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.03.2017 ലെ ഡിബി4-4060/17/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

കൊടുവള്ളി അസംബ്ലി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . കാരാട്ട് റസാക്ക് എം . എൽ . എ .യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി (i) "മേലെ ആട്ടേരി നടുക്കണ്ടി റോഡ്", (ii) "കരുവംപൊയിൽ - പൂളക്കൽ മഞ്ഞപ്പാറ - ചുണ്ടപ്പുറം റോഡ്" എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

2. നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ . കാരാട്ട് റസാക്ക് എം . എൽ . എ . യുടെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന 2 പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 20 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും, വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(i) മേലെ ആട്ടേരി നടുക്കണ്ടി റോഡ് (കൊടുവള്ളി മുനിസിപ്പാലിറ്റി) - 10 ലക്ഷം രൂപ.

(ii) കരുവംപൊയിൽ - പൂളക്കൽ മഞ്ഞപ്പാറ - ചുണ്ടപ്പുറം റോഡ് (കൊടുവള്ളി മുനിസിപ്പാലിറ്റി) - 10 ലക്ഷം രൂപ.

3. ലംപ്സം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകകളുടെ ചെലവ് യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും പ്രവൃത്തികളുടെ നിർവ്വഹണം നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിരിക്കേണ്ടതുമാണ്. ആയതു സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ . കാരാട്ട് റസാക്ക് എം . എൽ . എ . , കൊടുവള്ളി നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ ((റോഡുകളും പാലങ്ങളും), തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കൊടുവള്ളി മുനിസിപ്പാലിറ്റി.
ധനകാര്യ വകുപ്പ് (343/ എൻ . സി . സി .2/2016/ ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.